കാലിക്കറ്റ് സർവകലാശാല
പബ്ലിക് റിലേഷൻസ് വിഭാഗം

പത്രക്കുറിപ്പ്
2026 നവംബർ 10 **website: www.uoc.ac.in**

റിസർച്ച് സ്കോളർസ് തെരഞ്ഞെടുപ്പ്:
പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു

കാലിക്കറ്റ് സർവകലാശാലയുടെ ആദ്യ റിസർച്ച് സ്കോളർസ് യൂണിയൻ തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധീകരിച്ചു. പട്ടിക സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. വോട്ടർപട്ടിക സംബന്ധിച്ചുള്ള തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഒഴിവാക്കലുകൾക്കും നവംബർ 13-ന് വൈകീട്ട് 04.00 മണിക്കുള്ളിൽ കാലിക്കറ്റ് സർവകലാശാലാ ഡയറക്ടറേറ്റ് ഓഫ് റിസർച്ചിന്റെ കാര്യാലയത്തിൽ ബന്ധപ്പെടേണ്ടതാണ്.

പി.ആർ. 1572/2026

പി.ജി. ഡിപ്ലോമ ഇൻ റീഹാബിലിറ്റേഷൻ സൈക്കോളജി പ്രവേശനം 2026:
പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കാലിക്കറ്റ് സർവകലാശാലാ സൈക്കോളജി പഠനവകുപ്പിലെ പി.ജി. ഡിപ്ലോമ ഇൻ റീഹാബിലിറ്റേഷൻ സൈക്കോളജി 2026 പ്രവേശനത്തിനുള്ള പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് പട്ടിക admission.uoc.ac.in-ൽ ലഭ്യമാണ്. പ്രസ്തുത റാങ്ക്പട്ടികയുമായി ബന്ധപ്പെട്ട് പരാതികളുണ്ടെങ്കിൽ അവ നവംബർ 11-ന് ഉച്ചക്ക് 02.00 മണിക്ക് മുൻപായി നേരിട്ടോ ഇ-മെയിൽ മുഖേനയോ പ്രവേശനവിഭാഗം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അന്തിമ റാങ്ക്പട്ടിക നവംബർ 11-ന് വൈകീട്ട് 05.00 മണിക്ക് പ്രസിദ്ധീകരിക്കും. റാങ്ക് പട്ടികയിലുൾപ്പെടുന്നവർ സൈക്കോളജി പഠനവകുപ്പിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശാനുസരണം പ്രവേശനം നേടേണ്ടതാണ്. ഇമെയിൽ : diploma@uoc.ac.in, ഫോൺ : 0494 2407152, 0494 2407358 (സൈക്കോളജി പഠനവകുപ്പ്).

പി.ആർ. 1573/2026

എൻ.എസ്.എസ്. അവാർഡ് വിതരണം
നവംബർ 17-ന്

കാലിക്കറ്റ് സർവകലാശാലയുടെ 2024 - 2025 വർഷത്തെ മികച്ച എൻ.എസ്.എസ്. യൂണിറ്റുകൾ / കോളേജുകൾ, പ്രോഗ്രാം ഓഫീസർമാർ, എൻ.എസ്.എസ്. വോളണ്ടിയർമാർ എന്നിവർക്കുള്ള സർവകലാശാലാതല എൻ.എസ്.എസ്. അവാർഡ് വിതരണം നവംബർ 17-ന് (ചൊവ്വ) രാവിലെ 10.30-ന് ഇ.എം.എസ്. സെമിനാർ കോംപ്ലക്സിൽ വച്ച് നടക്കും.

പി.ആർ. 1574/2026

പരീക്ഷാഫലം

ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എം.എസ്.സി. ബയോസയൻസ് (സി.സി.എസ്.എസ്.) ഏപ്രിൽ 2026 റഗുലർ/ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

നാലാം സെമസ്റ്റർ ബി.ടെക്. (2024 സ്കീം - 2024 പ്രവേശനം, 2019 സ്കീം - 2020 മുതൽ 2023 വരെ പ്രവേശനം) ഏപ്രിൽ 2026 റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പി.ആർ. 1575/2026